സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 280 2026 ഫെബ്രുവരി 20 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പുതുക്കാട് ബാറിൽ സംഘർഷം

പുതുക്കാട്: പുതുക്കാട് ബാറിൽ സംഘർഷം. ബാർ ഹോട്ടലിന്റെ പാർക്കിംഗ് ഗ്രൗണ്ടിലെ ലൈറ്റുകളും വഴിയോരത്ത് നിർത്തിയിട്ടിരുന്ന രണ്ട് വാഹനങ്ങളുടെ ചില്ലും മദ്യപസംഘം തകർത്തു. സംഭവവുമായി ബന്ധപ്പെട്ട് നാല് പേരെ കസ്റ്റഡിയിലെടുത്തു.

വാഹനാപകടത്തിൽ ഒരാൾ മരിച്ചു

ചാലക്കുടി: ദേശീയപാത പോട്ടയ്ക്ക് സമീപം നാടുകുന്നിൽ തമിഴ്നാട്ടുകാരായ ദമ്പതികൾ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ പിക്കപ്പ് വാൻ ഇടിച്ച് ഒരാൾ മരിച്ചു. ദിണ്ഡിഗൽ സ്വദേശി ബാലാജി (29) ആണ് മരിച്ചത്. ഭാര്യ അഞ്ജിതയെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

ഇറാൻ നേതാക്കളെ ഇല്ലാതാക്കാനുള്ള പദ്ധതികളും പരിഗണിച്ച് യു എസ്

10 ദിവസത്തിനുള്ളിൽ ലോകം അതറിയും: ട്രംപ്

വാഷിങ്ടൺ:അമേരിക്ക ഇറാനുമായി ഒരു കരാറിലെത്തുമോ അതോ സൈനിക നടപടി സ്വീകരിക്കുമോ എന്നത് അടുത്ത പത്ത് ദിവസത്തിനുള്ളിൽ ലോകം അറിയുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. വാഷിംഗ്ടൺ ഡിസിയിൽ നടന്ന ബോർഡ് ഓഫ് പീസിന്റെ ഉദ്ഘാടന യോഗത്തിലാണ് ട്രംപ് ഇങ്ങനെ പറഞ്ഞത്. ഇറാൻ ആണവ പദ്ധതിയുമായി ബന്ധപ്പെട്ട് സംസാരിച്ച ട്രംപ്, 'നമ്മൾ ഒരു അർഥവത്തായ കരാർ ഉണ്ടാക്കണം, അല്ലെങ്കിൽ മോശം കാര്യങ്ങൾ സംഭവിക്കും' എന്നും പറഞ്ഞു.

ഇറാനുമായി വിവേകപൂർണമായ ഒരു കരാറുണ്ടാക്കുകയെന്നത് അത്ര എളുപ്പമല്ലെന്ന് വർഷങ്ങൾകൊണ്ട് തെളിഞ്ഞതാണെന്നും ട്രംപ് പറഞ്ഞു.

ഇറാന്റെ ആണവപദ്ധതി ഉപേക്ഷിപ്പിക്കുക ലക്ഷ്യമിട്ടുള്ള രണ്ടാംവട്ട ചർച്ച ചൊവ്വാഴ്ച ജനീവയിൽ പൂർത്തിയായിരുന്നു. ചർച്ചകളിൽ പുരോഗതിയുണ്ടെന്നാണ് ഇരുപക്ഷവും പറയുന്നത്. അന്തിമകരാറിനുള്ള രൂപരേഖയുണ്ടാക്കി മൂന്നാംഘട്ടചർച്ചയിലേക്കു പോകാനാണ് ഇരുകക്ഷികളും തീരുമാനിച്ചിരിക്കുന്നത്.

അതേസമയം കരാറിലെത്താനായില്ലെങ്കിൽ ഇറാനെതിരെയുള്ള നടപടികൾ യുഎസ് സജീവമായി ആലോചിച്ച് വരികയാണെന്ന് സിഎൻഎൻ റിപ്പോർട്ട് ചെയ്തു. മധ്യേഷ്യയിൽ 22 വർഷത്തിനിടയിലെ ഏറ്റവും വലിയ സൈനിക സന്നാഹങ്ങൾക്കാണ് ട്രംപ് ഉത്തരവിട്ടിരിക്കുന്നത്.

ഇറാനു നേരെ ആക്രമണം നടത്താൻ ട്രംപ് തീരുമാനിക്കുകയാണെങ്കിൽ, ആഴ്ചകളോളം നീണ്ടുനിൽക്കാൻ സാധ്യതയുള്ള നടപടികൾ വരെ പദ്ധതിയിൽ ഉൾപ്പെടുന്നുവെന്ന് യുഎസ് വൃത്തങ്ങളെ ഉദ്ധരിച്ച് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നു. ഇറാനിലെ നേതാക്കളെ ഇല്ലാതാക്കാനുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. മാസങ്ങൾക്ക് മുമ്പ് ഇറാനിയൻ ആണവ കേന്ദ്രങ്ങളെ ലക്ഷ്യമിട്ടുള്ള മണിക്കൂറുകൾ നീണ്ട ബോംബാക്രമണങ്ങളെ അപേക്ഷിച്ച് പലതും വളരെ വലിയ തോതിലായിരിക്കുമെന്നും സിഎൻഎൻ പറയുന്നു.

ഈ ആഴ്ച അവസാനത്തോടെ യുഎസ് ആക്രമണം നടത്താൻ സാധ്യതയുണ്ടെന്നായിരുന്നു റിപ്പോർട്ടുകൾ. എന്നാൽ ഇറാനുമായി നയതന്ത്ര ചർച്ചയിലേർപ്പെട്ട പ്രാദേശിക നയതന്ത്രജ്ഞർ പറയുന്നത് ആക്രമണം അത്ര പെട്ടെന്ന് ഉണ്ടാകില്ലെന്നാണ്. ഇതുവരെ ട്രംപ് ഏതെങ്കിലും പ്രത്യേക സൈനിക നടപടിക്ക് ഉത്തരവിട്ടിട്ടില്ലെന്നും സൂചനയുണ്ട്. വൈറ്റ് ഹൗസ് ഉദ്യോഗസ്ഥർ പറയുന്നത് അദ്ദേഹം നയതന്ത്ര പരിഹാരത്തിനാണ് ഇപ്പോഴും മുൻഗണന നൽകുന്നുണ്ടെന്നാണ്.

എന്നാൽ, പ്രസിഡന്റിന്റെ എല്ലാ ആവശ്യകതകളും നിറവേറ്റുന്ന ഒരു ഉടമ്പടിയിലെത്താനുള്ള സാധ്യത കുറഞ്ഞുവരുന്നതായി പലരും ഇപ്പോൾ പറയുന്നു. യുറേനിയം സമ്പുഷ്ടീകരണം പൂർണ്ണമായും ഉപേക്ഷിക്കുന്നത് പോലുള്ള ആവശ്യങ്ങളോട് ഇറാൻ സ്വീകരിക്കുന്ന നിലപാട് തന്നെയാകും ശ്രദ്ധേയം.

വേടന്റെകല്യാണം ഫെ.24ന്, വധു നവമി

കണ്ണൂർ: റാപ്പർ വേടന്റെ വിവാഹവാർത്ത പുറത്തുവിട്ട് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. യുവ എഴുത്തുകാരിയായ നവമി ലതയാണ് വധു. ഫെബ്രുവരി 24ന് തൃശൂരിൽ വച്ചാണ് വിവാഹം.

തദ്ദേശ സ്വയംഭരണ ദിനാഘോഷത്തിന്റെ ഭാഗമായി കണ്ണൂർ ധർമശാലയിൽ സർക്കാർ നടത്തുന്ന ഹാപ്പിനസ് ഫെസ്റ്റിവലിൽ വച്ച്, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനാണ് വേടന്റെ വിവാഹക്കാര്യം ആദ്യം പരസ്യപ്പെടുത്തിയത്. പിന്നീട് വേടനും സ്ഥിരീകരിച്ചു. ലളിതമായ ചടങ്ങുകളോടെ റജിസ്റ്റർ വിവാഹം ചെയ്യാനാണ് തീരുമാനമെന്നും വേടൻ പറഞ്ഞു. എല്ലാവരുടേയും അനുഗ്രഹമുണ്ടാകണമെന്നും വേടൻ പറഞ്ഞു. ഹാപ്പിനസ് ഫെസ്റ്റിവലിൽ പരിപാടി അവതരിപ്പിക്കാനെത്തിയ വേടനെ പൊന്നാടയണിയിച്ചാണ് എം വി ഗോവിന്ദൻ ആദരിച്ചത്. വേടനെക്കുറിച്ച് സംസാരിക്കുന്നതിനിടെ ആയിരുന്നു വിവാഹക്കാര്യവും വെളിപ്പെടുത്തിയത്.

200% ശതമാനം തീരുവ ചുമത്തുമെന്ന് പറഞ്ഞതോടെ അവരൊതുങ്ങി; വെടിവെച്ചിട്ടത് 11 വിമാനങ്ങൾ: ട്രംപ്

വാഷിങ്ടൺ: കഴിഞ്ഞ മേയിൽ ഇന്ത്യയും പാകിസ്താനും തമ്മിലുണ്ടായ സൈനിക സംഘർഷം അവസാനിപ്പിച്ചതിന് പിന്നിൽ താനാണെന്ന് ആവർത്തിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇരുരാജ്യങ്ങൾക്കും മേൽ വാണിജ്യ ഉപരോധം ഏർപ്പെടുത്തുമെന്നുള്ള തന്റെ ഭീഷണിയാണ് ഒരു യുദ്ധം ഒഴിവാക്കിയതെന്ന് ട്രംപ് അവകാശപ്പെട്ടു. പീസ് ഓഫ് ബോർഡിന്റെ ആദ്യയോഗത്തിലാണ് ട്രംപിന്റെ അവകാശവാദം. ഇന്ത്യ-പാക് സംഘർഷസമയത്ത് 11 യുദ്ധവിമാനങ്ങൾ വെടിവെച്ചിട്ടതായും ട്രംപ് കൂട്ടിച്ചേർത്തു. വിമാനങ്ങളുടെ കാര്യം ട്രംപിന്റെ ഏറ്റവും പുതിയ അവകാശവാദമാണ്.

ഇന്ത്യയും പാകിസ്താനും യുദ്ധം ചെയ്താൽ ഓരോ രാജ്യത്തിനും 200 ശതമാനം തീരുവ ഏർപ്പെടുത്തുമെന്ന് പറഞ്ഞു. ഇരുരാജ്യങ്ങളും യുദ്ധം ചെയ്യാൻ ആഗ്രഹിച്ചു. എന്നാൽ, പണത്തിന്റെ കാര്യമെത്തിയപ്പോൾ, വലിയൊരു തുക നഷ്ടപ്പെടുമെന്ന് വന്നപ്പോൾ, യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്ന് അവർ പറഞ്ഞു, ട്രംപ് പറഞ്ഞു. വ്യോമ പോരാട്ടങ്ങൾ നടക്കുകയും നിരവധി വിമാനങ്ങൾ നഷ്ടപ്പെടുകയും ചെയ്തതോടെ ഈ സംഘർഷം അപകടകരമായ ഘട്ടത്തിലെത്തിയെന്ന് ട്രംപ് പറഞ്ഞു. സംഘർഷത്തിനിടെ 11 യുദ്ധവിമാനങ്ങൾ വെടിവച്ചിട്ടെന്നും അവ വിലയേറിയ വിമാനങ്ങളാണെന്നും ട്രംപ് അവകാശപ്പെട്ടു .

'ആ യുദ്ധം ആളിക്കത്തിയിരുന്നു. വിമാനങ്ങൾ വെടിവെച്ചിടുന്നു. 11 വിമാനങ്ങൾ വെടിവെച്ചിട്ടു. വളരെ വിലകൂടിയ വിമാനങ്ങൾ. ഞാൻ അവരുമായി ഫോണിൽ സംസാരിച്ചു, ഞാൻ അവരെ രണ്ടുപേരെയും നന്നായി അറിയുമായിരുന്നു. പ്രധാനമന്ത്രി മോദിയെ എനിക്ക് നന്നായി അറിയാമായിരുന്നു. ഞാൻ അദ്ദേഹത്തെ വിളിച്ചു, നിങ്ങൾ ഇത് പരിഹരിച്ചില്ലെങ്കിൽ, ഞാൻ നിങ്ങളുമായി വ്യാപാരക്കരാറുകളിൽ ഏർപ്പെടില്ല എന്ന് പറഞ്ഞു. അതോടെ പ്രശ്നപരിഹാരമായി,' ട്രംപ് പറഞ്ഞു. അതിർത്തിയിലെ പിരിമുറുക്കം അധികരിച്ച നിർണായക ഘട്ടത്തിൽ ഇടപെട്ട് രണ്ടര ക്കോടി ജീവൻ രക്ഷിച്ചു എന്ന് പാക് പ്രധാനമന്ത്രി ഷഹ്ബാസ് ഷെരീഫ് തന്നെ പരസ്യമായി പ്രശംസിച്ചതായും ട്രംപ് കൂട്ടിച്ചേർത്തു.

അമിത്ഷാക്കെതിരായ വിവാദ പരാമർശം; രാഹുൽ കോടതിയിൽ ഹാജരായി

ലഖ്നൗ: ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉത്തർപ്രദേശിലെ സുൽത്താൻപൂർ കോടതിയിൽ ഹാജരായി. 2018-ൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരെ ആക്ഷേപകരമായ പരാമർശം നടത്തിയെന്നാരോപിച്ച് ഫയൽ ചെയ്ത മാനനഷ്ടക്കേസിലാണ് അദ്ദേഹം നേരിട്ട് ഹാജരാകുന്നത്.

രാജ്യസഭാ എം.പി പ്രമോദ് തിവാരി, കോൺഗ്രസ് എം. എൽ. എ ആരാധന മിശ്ര, ഉത്തർപ്രദേശ് കോൺഗ്രസ് അധ്യക്ഷൻ അജയ് റായ് തുടങ്ങിയ പ്രമുഖ നേതാക്കൾ രാഹുലിനൊപ്പമുണ്ട്.

കർണാടക നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി 2018ൽ ബെംഗളൂരുവിൽ നടന്ന തിരഞ്ഞെടുപ്പ് റാലിക്കിടെയാണ് രാഹുൽ ഗാന്ധി വിവാദ പരാമർശം നടത്തിയത്. ഇതിനെത്തുടർന്ന് 2018 ഓഗസ്റ്റ് 4-ന് സുൽത്താൻപൂരിലെ എം.പി-എം.എൽ.എ പ്രത്യേക കോടതിയിലാണ് കേസ് ഫയൽ ചെയ്തത്. ആറുവർഷം പഴക്കമുള്ള ഈ കേസിൽ കോടതിയുടെ നിർദ്ദേശപ്രകാരമാണ് അദ്ദേഹം ഇപ്പോൾ നേരിട്ട് ഹാജരാകുന്നത്.

ബി.ജെ.പി രാജ്യത്തുടനീളം രാഹുൽ ഗാന്ധിക്കെതിരെ വ്യാജവും കെട്ടിച്ചമച്ചതുമായ കേസുകൾ ഫയൽ ചെയ്യുകയാണെന്ന് പ്രമോദ് തിവാരി ആരോപിച്ചു. സുൽത്താൻപുരിലെ കേസും ഇത്തരത്തിൽ ഒന്നാണെന്നും എന്നാൽ നീതിന്യായ വ്യവസ്ഥയിൽ പാർട്ടിക്ക് പൂർണ്ണ വിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോടതിയിൽ നിന്ന് നീതി ലഭിക്കുമെന്ന ഉറച്ച വിശ്വാസത്തിലാണ് കോൺഗ്രസ് .

രാഹുൽ ഗാന്ധിയെ രാഷ്ട്രീയമായി നേരിടാൻ കഴിയാത്തതിനാലാണ് ഇത്തരം കേസുകൾ നൽകുന്നതെന്നും അദ്ദേഹം എഎൻഐയോട് പ്രതികരിച്ചു.

യുവാവിന് ദാരുണാന്ത്യം

ഷൊർണ്ണൂർ: വാഴക്കോട് - പ്ലാഴി സംസ്ഥാനപാത ആറ്റൂരിൽ സ്കൂട്ടർ നിയന്ത്രണം വിട്ട് റോഡരികിലെ മരക്കുറ്റിയിലിടിച്ച് യുവാവ് മരിച്ചു. ആറ്റൂർ സ്വദേശി ഭഗവതിക്കുന്ന് വീട്ടിൽ സാരജ് (25) ആണ് മരിച്ചത്.

സ്വർണവില കുറഞ്ഞു

തൃശൂർ: സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു . ഇന്ന് ഗ്രാമിന് 100 രൂപ കുറഞ്ഞ് 14,315 രൂപയായി. പവന്റെ വിലയിൽ 800 രൂപയുടെ കുറവുണ്ടായി. 1,14,520 രൂപയായാണ് പവന്റെ വില കുറഞ്ഞത്. 18 കാരറ്റ് സ്വർണത്തിന്റെ വില പവന് 94,080 രൂപയായും 14 കാരറ്റിന്റേത് 73,280 രൂപയായും കുറഞ്ഞു.

'ചികിത്സാപിഴവിൽ ഒരു ദാക്ഷണ്യവും സർക്കാരിൽ നിന്നുണ്ടാകില്ല'; ഉഷാ ജോസഫിന്റെ പരാതിയിൽ വിശദമായ അന്വേഷണം നടത്തുമെന്ന് മന്ത്രി

ആലപ്പുഴ: വണ്ടാനം മെഡിക്കൽ കോളേജിലെ ചികിത്സാപ്പിഴവ് നേരിട്ട ഉഷാ ജോസഫിന്റെ പരാതിയിൽ വിശദമായ അന്വേഷണം നടത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഒരിക്കലും നടക്കാൻ പാടില്ലാത്ത സംഭവമാണ് നടന്നതെന്നും വളരെയധികം വിഷമം ഉണ്ടാക്കുന്നതുമാണെന്നും മന്ത്രി പ്രതികരിച്ചു. വിവരം അറിഞ്ഞയുടൻ പ്രാഥമികാന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് സമിതിയെ നിയോഗിക്കാൻ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വീണാ ജോർജ് അറിയിച്ചു. പരാതിയിൽ ഇന്നുതന്നെ അന്വേഷണം ആരംഭിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപരമായി സ്വീകരിക്കേണ്ട എല്ലാ നടപടികളും സ്വീകരിക്കും. റിപ്പോർട്ട് പൊലീസിന് കൈമാറും. ശസ്ത്രക്രിയ നടന്ന സമയത്തുള്ള ആരൊക്കെയാണ് റിട്ടയർ ചെയ്തുപോയിട്ടുള്ളത്, ഇപ്പോൾ സർവീസിൽ ആരെങ്കിലുമുണ്ടോ മുതലായ കാര്യങ്ങളിൽ അന്വേഷണം നടത്തി സർവീസിലുള്ളവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യും.

ഉഷാ ജോസഫിന്റെ മകനുമായി സംസാരിച്ചിരുന്നു. പലതവണ വീട്ടിൽ പോയി ഡോക്ടറെ കണ്ടതായി ബന്ധുക്കൾ പറയുന്നു. ഈ വിഷയങ്ങളിലെല്ലാം അന്വേഷണം നടത്തും. 2021 മേയ് പത്തിനാണ് ഉഷാ ആശുപത്രിയിൽ അഡ്മിറ്റ് ആയതെന്ന് പ്രാഥമിക റിപ്പോർട്ടിലുണ്ട്. 12നാണ് ശസ്ത്രക്രിയ നടന്നത്. 15ന് ഡിസ്ചാർജ് ചെയ്തു. ഡോക്ടർക്ക് ഇങ്ങനെ ഒരു കേസ് ഓർമ്മയില്ല. പക്ഷേ ശസ്ത്രക്രിയ ചെയ്തില്ലെന്നും ഓർമ്മയുണ്ട്. അത് എങ്ങനെയാണ് സാദ്ധ്യമാകുക?

നോൺ പ്രാക്ടീസിംഗ് അലവൻസ് വാങ്ങുന്ന ഡോക്ടർമാർ വീട്ടിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടോ എന്ന കാര്യവും പണം നൽകിയെന്ന ആരോപണവും ഈ അന്വേഷണത്തിന്റെ പരിധിയിൽ വരും.

ലോകാരോഗ്യ സംഘടനയുടെ പ്രോട്ടോക്കോൾ അനുസരിച്ച് സ്ക്രബ് നേഴ്സും ഡോക്ടറും ഒരുപോലെ ഉത്തരവാദിത്തപ്പെട്ടവരാണ്. സ്ക്രബ് നേഴ്സ് ഇല്ലാതെ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയ നടക്കില്ലെന്നും, ശസ്ത്രക്രിയ ഉപകരണങ്ങൾ എണ്ണിത്തിട്ടപ്പെടുത്തേണ്ടത് ഇവരുടെ സംയുക്ത ഉത്തരവാദിത്തവുമാണ്.

സർക്കാരിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരെയും ഒരുക്കുക എന്നതാണ് പ്രാഥമിക ചുമതല. എന്നാൽ പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിക്കുന്നത് വ്യക്തികളുടെ ഭാഗത്തു നിന്നാണ്. ഇത്തരം ഇൻഡിവിജ്വൽ വീഴ്ചകളിൽ കർശനമായ നിയമനടപടികൾ തന്നെ സ്വീകരിക്കും. മെഡിക്കൽ കോളേജുകളിൽ എല്ലാ സംവിധാനങ്ങളും ഉണ്ടെന്നിരിക്കെ, പ്രോട്ടോക്കോൾ ലംഘിച്ച് ശസ്ത്രക്രിയകൾ നടത്തുന്നത് അത്യന്തം ഗൗരവകരമായ വിഷയമായാണ് സർക്കാർ കാണുന്നത്.

അറസ്റ്റിന് പിന്നിൽ സർക്കാരിന്റെ പ്രതികാരം; കുരുക്കി തന്ത്രി കണ്ഠര് രാജീവര്

പത്തനംതിട്ട: ശബരിമല സ്വർണ്ണക്കൊള്ളയിൽ സർക്കാരിനെ കുരുക്കി തന്ത്രി കണ്ഠര് രാജീവര്. തന്റെ അറസ്റ്റ് സർക്കാരിന്റെ പ്രതികാരമാണെന്ന നിലപാടിലാണ് തന്ത്രി. യുവതീ പ്രവേശത്തെ എതിർത്തതും ദിവസവും നട തുറക്കണമെന്ന നിർദേശം നടപ്പാക്കാത്തതുമാണ് പ്രകോപന കാരണം. പോറ്റിയെ എത്തിച്ചത് താനാണെന്ന് വരുത്താനും ശ്രമം നടന്നു. പോറ്റിയുടെ ബന്ധുക്കൾ ശബരിമലയിൽ ജോലി ചെയ്തത് എസ്.ഐ.ടി ബോധപൂർവം മറച്ചുവെച്ചെന്നും. തന്ത്രി ആരോപിക്കുന്നു. തന്ത്രി നിലപാട് സംബന്ധിച്ച വിശദാംശങ്ങൾ പുറത്തു വന്നു.

കട്ടിളപ്പാളി കേസ്; എ പദ്മകുമാറിന് സ്വാഭാവിക ജാമ്യം

കൊല്ലം: ശബരിമല കട്ടിളപ്പാളി കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പദ്മകുമാറിന് സ്വാഭാവിക ജാമ്യം. കേസിൽ 90 ദിവസമായിട്ടും കുറ്റപത്രം സമർപ്പിക്കാതിരുന്നതിനെ തുടർന്നാണ് ജാമ്യം ലഭിച്ചത്. അതേസമയം ദ്വാരപാലക കേസിൽ പത്മകുമാർ റിമാൻഡിലായതിനാൽ അദ്ദേഹത്തിന് ജയിലിൽനിന്ന് പുറത്തിറങ്ങാനാവില്ല.

കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. 2025 നവംബർ 20 -ാം തിയതിയാണ് സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പത്മകുമാറിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കട്ടിളപ്പാളി കേസിൽ ആയിരുന്നു പത്മകുമാറിന്റെ ആദ്യ അറസ്റ്റ്. പിന്നാലെ റിമാൻഡിൽ കഴിയവേ ദ്വാരപാലക ശില്പ കേസിലും എസ്ഐടി പത്മകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തി. കട്ടിളപ്പാളി കേസിൽ അറസ്റ്റിലായി 90 ദിവസം പൂർത്തിയായതോടെയാണ് സ്വാഭാവിക ജാമ്യം ലഭിച്ചത്.

മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയും എൻ. വാസുവും അടക്കമുള്ളവർ നേരത്തെ സ്വാഭാവിക ജാമ്യം ലഭിച്ച് ജയിലിന് പുറത്തിറങ്ങിയിരുന്നു. 41 -ാം ദിനം തന്ത്രിക്കും കോടതി ജാമ്യം നൽകി. തന്ത്രി കണ്ഠര് രാജീവർക്കെതിരേ തെളിവുകളൊന്നും ഹാജരാക്കാൻ പ്രത്യേക അന്വേഷണസംഘത്തിനായില്ലെന്ന് കൊല്ലം വിജിലൻസ് കോടതിയുടെ ജാമ്യവിധിയിൽ പരാമർശം നടത്തിയിരുന്നു.

സ്വർണപ്പാളികളടക്കമുള്ളവ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം ദേവസ്വം ബോർഡിനാണെന്നും ആചാരപരമായ കാര്യങ്ങളാണ് തന്ത്രിയുടെ ചുമതലയിൽ വരുന്നതെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

വയറ്റിൽ കത്രിക; ഡോക്ടർമാരുടെ പത്രസമ്മേളനത്തിനിടെ

യൂത്ത് കോൺഗ്രസ് പ്രതിഷേധം

ആലപ്പുഴ: വണ്ടാനം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ ഉപകരണം കുടുങ്ങിയ സംഭവത്തിൽ ആശുപത്രി അധികൃതർ മാധ്യമങ്ങളോട് വിശദീകരണം നൽകുന്നതിനിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധം. ഉഷ എന്ന രോഗിയുടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ അധികൃതർക്കും സർക്കാരിനുമെതിരെ മുദ്രാവാക്യം വിളിച്ച പ്രതിഷേധക്കാരെ പോലീസ് ബലം പ്രയോഗിച്ചാണ് ഡയസിൽ നിന്നും നീക്കം ചെയ്തത്.

പാവപ്പെട്ട ഒരു സ്ത്രീയോട് സിസ്റ്റം കാട്ടിയത് വലിയ ക്രൂരതയാണെന്ന് ആരോപിച്ച പ്രതിഷേധക്കാർ ആരോഗ്യ വകുപ്പിനെതിരെയും പോലീസിനെതിരെയും ശക്തമായ മുദ്രാവാക്യങ്ങൾ മുഴക്കി.

അഞ്ചു വർഷം മുമ്പ് കോവിഡ് കാലത്താണ് ഈ ശസ്ത്രക്രിയ നടന്നതെന്നും ഡോക്ടർ ഷാഹിദയാണ് ഇത് നിർവ്വഹിച്ചതെന്നും അധികൃതർ വാർത്താസമ്മേളനത്തിൽ വിശദീകരിച്ചു. കടുത്ത കോവിഡ് നിയന്ത്രണങ്ങളും പരിമിതികളും നിലനിന്ന അക്കാലത്ത് 10 പേർ ചെയ്യേണ്ട ജോലി അഞ്ചുപേരെ വെച്ച് ചെയ്യേണ്ടി വന്ന ദുർഘടമായ സാഹചര്യമുണ്ടായിരുന്നുവെന്നും ഡോക്ടർമാർ ചൂണ്ടിക്കാട്ടി. ഡോക്ടർ ലളിതാംബികയല്ല ഈ സർജറി ചെയ്തതെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. രോഗിയുടെ നിലവിലെ ശാരീരിക പ്രയാസങ്ങൾ മറ്റ് ആരോഗ്യപ്രശ്നങ്ങൾ മൂലമാകാനുള്ള സാധ്യതയും ഡോക്ടർമാർ തള്ളിക്കളയുന്നില്ല.

ശസ്ത്രക്രിയയ്ക്ക് ശേഷം ഉപകരണങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റിൽ യാതൊരു ഉപകരണവും നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ലെന്നത് സംഭവത്തിന്റെ ദുരൂഹത വർദ്ധിപ്പിക്കുന്നു. ഉപകരണങ്ങൾ കൃത്യമായി തിരികെ ലഭിച്ചതായി അന്ന് സർജറിയിൽ അസിസ്റ്റ് ചെയ്ത നഴ്സ് രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് നിലവിലെ ആശുപത്രി രേഖകൾ വ്യക്തമാക്കുന്നത്.

മങ്കട സദാചാര കൊലപാതകം: അഞ്ചുപ്രതികൾക്കും ജീവപര്യന്തം തടവ്

മഞ്ചേരി: സദാചാര പോലീസ് ചമഞ്ഞ സംഘം മങ്കട കൂട്ടിൽ നസീർ ഹുസൈനെ(40) മർദിച്ചു കൊലപ്പെടുത്തിയ കേസിൽ കുറ്റക്കാരായി കണ്ടെത്തിയ അഞ്ചുപ്രതികൾക്കും ജീവപര്യന്തം തടവ്.

1മുതൽ 5വരെ പ്രതികളായ മങ്കട കൂട്ടിൽ നായകത്ത് അബ്ദുൽ നാസർ (40), സഹോദരൻ ഷറഫുദ്ദീൻ (33), പട്ടിക്കുത്ത് മുഹമ്മദ് സുഹൈൽ (34), പട്ടിക്കുത്ത് അബ്ദുൽഗഫൂർ (52), പട്ടിക്കുത്ത് സക്കീർ ഹുസൈൻ (43) എന്നിവരെയാണ് മഞ്ചേരി ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി എം. തുഷാർ ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. ആറുമുതൽ എട്ടുവരെ പ്രതികളായ ചെണ്ണേക്കുന്നൻ ഷഫീഖ് (34), മുക്കിൽപീടിക പറമ്പാട്ട് മൻസൂർ (34), അമ്പലപ്പള്ളി അബ്ദുൽനാസർ (35) എന്നിവരെ സംശയത്തിന്റെ ആനുകൂല്യം നൽകി കോടതി കഴിഞ്ഞ ദിവസം വെറുതേവിട്ടിരുന്നു.

ആൾക്കൂട്ട കൊലപാതകം നിരുത്സാഹപ്പെടുത്തണം. സ്ത്രീയുടെ സമ്മതത്തോട് കൂടി വീട്ടിൽവന്നയാളെ അതിക്രമിച്ചുകയറി അടിച്ചു കൊലപ്പെടുത്തിയത് ഭീകരവാദമായി കണക്കാക്കണമെന്ന് കോടതി നിരീക്ഷിച്ചെന്ന് പ്രോസിക്യൂഷൻ പറഞ്ഞു. വെള്ളം കൊടുക്കാതെയും ആശുപത്രിയിൽ കൊണ്ടുപോകാതെയും ചെയ്ത പ്രതികളുടെ പ്രവൃത്തി കൊലപാതകം ഉദ്ദേശിച്ച് തന്നെയാണെന്നും കോടതി വ്യക്തമാക്കി.

കൊലപാതകം, സംഘം ചേർന്ന് കലാപം നടത്തൽ, മാരകായുധങ്ങളുമായി ആക്രമിക്കൽ, വീട്ടിൽ അതിക്രമിച്ചുകയറി ആക്രമിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് പ്രതികൾക്കെതിരേ തെളിഞ്ഞത്. മൂന്നും അഞ്ചും പ്രതികളായ സുഹൈൽ, സക്കീർ ഹുസൈൻ എന്നിവർക്കെതിരേ തെളിവുനശിപ്പിക്കൽ കുറ്റവും തെളിഞ്ഞു.

അമ്മയും ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമാണ് തങ്ങളെന്നും അതിനാൽ തങ്ങൾക്ക് ശിക്ഷയിൽ പരമാവധി ഇളവുനൽകണമെന്നും പ്രതികൾ കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ആൾക്കൂട്ട ആക്രമണമെന്ന കുറ്റകൃത്യത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പ്രതികൾക്ക് പരമാവധി ശിക്ഷ നൽകണമെന്ന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. പി.ജി. മാത്യു വാദിച്ചു.

നിര്യാതയായി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

തൃശൂർ: കെൽട്രോണിന്റെ എറണാകുളം, കലൂർ നോളജ് സെന്ററിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിങ്(പ്ലസ് ടു) ഒരു വർഷം, ഡിപ്ലോമ ഇൻ പ്രീ സ്കൂൾ ടീച്ചർ ട്രെയിനിങ് (എസ്എസ്എൽസി) ഒരു വർഷം, കേരള സർക്കാർ അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇ- ഗാഡ്ജറ്റ് ടെക്നോളജീസ് എന്നീ കോഴ്സുകളാണുള്ളത്. താല്പര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി കെൽട്രോൺ നോളജ് സെന്ററിൽ എത്തിചേരേണ്ടതാണ്. ഫോൺ : 0484 2971400, 8590605259.

അപേക്ഷിക്കാം; മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ

തൃശൂർ: ആരോഗ്യ കേരളം ജില്ലയിൽ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാരെ നിയമിക്കുന്നു. ബി.എസ്. സി നഴ്സിങ് അല്ലെങ്കിൽ ജി എൻ എം യോഗ്യതയുള്ള ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. കേരള നഴ്സിങ് മിഡ് വൈഫറി കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. പ്രായപരിധി -2026 ജനുവരി 31 ന് 40 വയസ് കവിയരുത്. യോഗ്യരായ ഉദ്യോഗാർത്ഥികൾ ഫെബ്രുവരി 26ന് വൈകിട്ട് അഞ്ച് മണിക്കുള്ളിൽ ആരോഗ്യ കേരളം വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലിങ്കിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജനനതിയ്യതി, യോഗ്യത, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ ഓൺലൈൻ ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട ലിങ്ക്- https://forms.gle/MZoiPE2DUJ7hSBNu8 ഫോൺ - 0487 2325824

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: സ്റ്റേറ്റ് എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെന്ററിൽ 2026 -27 വർഷം അടിസ്ഥാന പരിശീലനത്തിനെത്തുന്ന വിവിധ തസ്തികകളിലേക്കുള്ള പുരുഷ ട്രെയിനികളുടെ തലമുടി ആഴ്ചയിൽ ഒരു പ്രാവശ്യം എന്ന കണക്കിൽ മുറിക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുത്തുന്നതിനായി ബാർബർമാരിൽ നിന്നും മുദ്രവച്ച ടെണ്ടർ ക്ഷണിച്ചു. മാർച്ച് നാലിന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഓഫീസിൽ ടെണ്ടർ സമർപ്പിക്കണം. വിശദ വിവരങ്ങൾക്കും നിബന്ധനകൾക്കും എക്സൈസ് അക്കാദമി ഓഫീസിലും ജില്ലയിലെ മറ്റ് എക്സൈസ് ഓഫീസുകളിലും ബന്ധപ്പെടേണ്ടതാണ്.ഫോൺ - 0487 2388090.

വിജ്ഞാനകേരളം തൊഴിൽമേള സംഘടിപ്പിക്കുന്നു

തൃശൂർ: പാലക്കാട് അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെയും അസാപ് കേരളയുടെയും സംയുക്താഭിമുഖ്യത്തിൽ വിജ്ഞാനകേരളം സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് കല്യാണമണ്ഡപത്തിൽ ഫെബ്രുവരി 22ന് രാവിലെ 9:30 മുതലാണ് മേള ആരംഭിക്കുന്നത്.20 പ്രമുഖ കമ്പനികളിലായുള്ള 300 ഒഴിവിലേക്കാണ് തൊഴിൽമേള സംഘടിപ്പിക്കുന്നത്. എസ് എസ് എൽ സി മുതൽ ബിരുദാനന്തര ബിരുദം വരെ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ബയോഡാറ്റയും മറ്റ് അനുബന്ധ സർട്ടിഫിക്കറ്റുകളുമായി എത്തിച്ചേരുക. https://forms.gle/qMfqUAPStcttpGb3A എന്ന വെബ്സൈറ്റ് മുഖേന മുൻകൂട്ടി രജിസ്റ്റർ ചെയ്യാം.കമ്പനി വിവരങ്ങൾക്ക് https://docs.google.com/spreadsheets/d/1_lpmWNxeJEfb2bonmSPuEGwSXdaojvMH45HcAEv6wIs/edit?usp=sharing എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 8157874997, 9645748729, 9495999667.

'ഞാനുണ്ടാകുമ്പോൾ കളിക്കുന്ന കളിയാണ്'; അപശബ്ദം പുറപ്പെടുവിച്ച മൈക്കിനെക്കുറിച്ച് മുഖ്യമന്ത്രി

ധർമശാല (കണ്ണൂർ): 'മൈക്ക് സാധാരണ ഞാനുണ്ടാകുമ്പോൾ കളിക്കുന്ന കളിയാണ്. നേരത്തേതന്നെ തുടങ്ങിയതാണത്...' പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അപശബ്ദം പുറപ്പെടുവിച്ച മൈക്കിനെക്കുറിച്ചുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ കമന്റ് സദസ്സിൽ ചിരിപടർത്തി. മൈക്കിൽനിന്നുണ്ടായ ചിലമ്പൽ ശബ്ദത്തിൽ മുഖ്യമന്ത്രി പ്രകോപിതനായേക്കുമെന്ന് ഭയന്ന സംഘാടകർക്കും ഉദ്യോഗസ്ഥർക്കും മുഖ്യമന്ത്രിയുടെ പ്രതികരണം വന്നപ്പോൾ ആശ്വാസം.

മാങ്ങാട്ടുപറമ്പ് കെ.എ.പി. ഗ്രൗണ്ടിൽ സംസ്ഥാനതല തദ്ദേശദിനാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുമ്പോഴാണ് മൈക്ക് മുഖ്യമന്ത്രിയോട് പതിവുപോലെ പിണങ്ങിയത്. സദസ്സിനെ അഭിസംബോധന ചെയ്ത് പ്രസംഗിച്ച് തുടങ്ങുമ്പോൾ തന്നെ മൈക്കിൽനിന്ന് അപശബ്ദം വരാൻ തുടങ്ങിയിരുന്നു. സ്വരാജ് ട്രോഫി, മഹാത്മ അയ്യങ്കാളി പുരസ്ക്കാരം, മാധ്യമപുരസ്ക്കാരം, ലൈഫ് മിഷൻ പുരസ്കാരം എന്നിവ വേദിയിൽ വിതരണം ചെയ്യുമെന്നും എല്ലാ പുരസ്കാര ജേതാക്കളെയും ആദ്യമേതന്നെ ഹാർദമായി അഭിനന്ദിക്കുന്നുവെന്നും പറഞ്ഞപ്പോഴേക്കും ചിലമ്പലിന്റെ ശബ്ദമേറി. അപ്പോഴായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

അതു കഴിഞ്ഞപ്പോൾ പിന്നെയും അപശബ്ദം ഇരട്ടിയായി. പ്രസംഗത്തിനിടെ പലതവണ ഇതാവർത്തിച്ച പ്പോഴും അതിന്റെ ശബ്ദം കുറയുംവരെ കാത്തുനിന്ന് മുഖ്യമന്ത്രി പ്രസംഗം തുടർന്നു.

അണയാൻ പോകുന്ന സർക്കാർ ആളിക്കത്തി തകരുകയാണ്: ആർ എച്ച് ഐ എ

തൃശൂർ: വൈറൽ ചുമ പടർന്ന് പിടിക്കുമ്പോൾ, കേരളം ചുമകൊണ്ട് മരവിച്ചു നിൽക്കുമ്പോൾ ആരോഗ്യ മന്ത്രിയും ആരോഗ്യ വകുപ്പും സർക്കാരും പകച്ചുനിൽക്കുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും മരുന്നും ചികിത്സയും ഉറപ്പുവരുത്തണമെന്ന് റിട്ട. ഹെൽത്ത് ഇൻസ്പെക്ടേഴ്സ് അസ്സോസിയേഷൻ (ആർ എച്ച് ഐ എ) സംസ്ഥാന പ്രസിഡണ്ട് ടി.എസ്. പവിത്രനും, ജനറൽ സെക്രട്ടറി കെ.ബി. പ്രേമരാജനും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സമരം ഉടൻ ഒത്തുതീർപ്പിലാക്കണമെന്നും, ജനങ്ങളുടെ ക്ഷമ പരീക്ഷിക്കുന്നതും എല്ലാ നിലയിലും പരാജയപ്പെട്ട സർക്കാരിന് അലങ്കാരമാണ്. ആഭ്യന്തര വകുപ്പ് ജനങ്ങൾക്ക് ബാദ്ധ്യതയായി മാറിക്കഴിഞ്ഞു. ജനങ്ങൾ ഈ സർക്കാരിനെതിരായി പ്രതികരിക്കുവാൻ തയ്യാറായിരിക്കുമ്പോൾ, സർക്കാർ സാധാരണ ജനങ്ങളെ വെല്ലുവിളിക്കുകയാണ്.

മന്ത്രിസഭയിലും മുന്നണിയിലും ചർച്ച ചെയ്യാതെ അഴിമതിക്കുവേണ്ടി മാത്രമായി ബാറുകളുടെ പ്രവർത്തന സമയം കൂട്ടിയത് ബാർ മുതലാളിമാർക്കു വേണ്ടി മാത്രമാണ്. അഴിമതിയിൽ കുളിച്ചു നിൽക്കുന്ന സർക്കാർ, ജനങ്ങളുടെ ക്ഷമ പരീക്ഷിക്കരുതെന്നും സർക്കാരിനെ ഓർമ്മപ്പെടുത്തി.

നിര്യാതയായി

കാർത്ത്യായനിക്കുട്ടിയമ്മ

വലപ്പാട് : മുരിയാംതോട് മേപ്പറമ്പത്ത് കാർത്ത്യായനിക്കുട്ടിയമ്മ (89)അന്തരിച്ചു. ഭർത്താവ് പരേതനായ കരയാംവട്ടത്ത് ഗോപാലകൃഷ്ണൻ നായർ. മക്കൾ : ശ്രീകുമാർ, ജയകുമാർ, മോഹൻകുമാർ, മധുകുമാർ, സുജ. മരുമക്കൾ :ഉമാദേവി, ജയശ്രീ, വിജി, നിഷ, ചന്ദ്രഭാസൻ സംസ്ക്കാരം കഴിഞ്ഞു.

കാരൂർച്ചിറ - അഞ്ചലങ്ങാടി റോഡ് നാടിന് സമർപ്പിച്ച് മന്ത്രി ഡോ: ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: നിയോജകമണ്ഡലത്തിൽ 2.44 കോടി രൂപ ചെലവിൽ റീബിൽഡ് കേരള പദ്ധതിയിലൂടെ നിർമ്മാണം പൂർത്തീകരിച്ച ആളൂർ പഞ്ചായത്തിലെ കാരൂർച്ചിറ - അഞ്ചലങ്ങാടി റോഡിന്റെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ:ആർ.ബിന്ദു നിർവ്വഹിച്ചു.

നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ രംഗത്ത് കഴിഞ്ഞ പത്തുവർഷമായി വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് മന്ത്രി ആർ.ബിന്ദു പറഞ്ഞു. മികച്ച നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, പശ്ചാത്തല വികസനം എന്നിവ നടപ്പിലാക്കിയിട്ടുള്ള കാലമാണ് ഇതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

റീബിൽഡ് കേരള പദ്ധതിയിലൂടെ 2,44,49,580.44 രൂപ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം പൂർത്തീകരിച്ചത്.

കാരൂർ സെന്ററിൽ നടന്ന ചടങ്ങിൽ ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസിലി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. മുൻ ഇരിങ്ങാലക്കുട എം എൽഎ പ്രൊഫ. കെ.യു അരുണൻ മുഖ്യാതിഥിയായി.

ആളൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സി ഷണ്മുഖൻ, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഹെലൻ ചാക്കോ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ടി ഐ ബാബു, ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രേഖ സന്തോഷ്, മാള ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ഡെൻസി ഡെൻപോൾ, കെ വി രാജു, മുൻ ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ആർ ജോജോ, മുൻ ആളൂർ ഗ്രാമപഞ്ചായത്ത് അംഗം സന്ധ്യ നൈസൺ, ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ എൻ സുനിൽ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വാർഡ് മെമ്പർമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഫിലിംക്ലബ്ബിന്റെ അംഗത്വവിതരണ ഉദ്ഘാടനം

ഒല്ലൂർ: ഫിലിംക്ലബ്ബിന്റെ അംഗത്വവിതരണത്തിന്റെ ഉദ്ഘാടനം ഐ എഫ് എഫ് ടി ചെയർമാൻ ചെറിയാൻ ജോസഫ് ശശിപോട്ടയിലിനു നൽകി നിർവഹിക്കുന്നു. ജനറൽ സെക്രട്ടറി ബേബി മൂക്കൻ, ഓർഗനൈസർ എം.സി.തൈക്കാട് തുടങ്ങിയവർ വേദിയിൽ. ഒല്ലൂർ ഫിലിം ക്ലബ്ബിന്റെ ഭാരവാഹികളെ തെരെഞ്ഞെടുക്കുന്ന യോഗം ഒല്ലൂർ വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ നടന്നു.

ഐ എഫ് എഫ് ടി ചെ യർമാൻ ചെറിയാൻ ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഒല്ലൂർ ഡിവിഷൻ കൗൺസിലർ പോളി ജോസ്, ഡോ.എ.സി.ജോസ്, ബേബി മൂക്കൻ, ടി.വി. സണ്ണി, പ്രൊഫ. വി. എ. വർഗീസ്, എം.സി. തൈക്കാട്, സെൻസ്വാവോസ്,സി.സി.ജോസ്തുടങ്ങിയവർ സംസാരിച്ചു.

അറിയിപ്പ്

പുല്ലൂർ വില്ലേജ് ദേശത്ത് പുത്തുകാട്ടിൽ മാണിക്യൻ ഭാര്യ രാധ അറിയിക്കുന്നത്:
ഇരിഞ്ഞാലക്കുട സബ് രജിസ്റ്റർ-1984-ൽ -1107- നമ്പർ ആധാര പ്രകാരം എന്റെ ഭർത്താവ് മാണിക്യത്തിന് ലഭിച്ചതും മാണിക്യൻ എന്നവരുടെ മരണശേഷം എനിക്കും മറ്റും കൂട്ടാവകാശപ്പെട്ട പുല്ലൂർ വില്ലേജിൽ സർവ്വേ 524/1ൽ പെട്ട-4.20- ആർസ് വഹകളുടെ അസൽ ആധാരം ഒരിക്കലും തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയിരിക്കുന്നു. സബ് രജിസ്റ്റർ ഓഫീസിൽനിന്ന് കിട്ടിയ ഹെഡ് കോപ്പി വെച്ച് വഹകളെ സംബന്ധിച്ച് ക്രയവിക്രയം നടത്തുന്നതിന് ആവശ്യമായ ഭാഗാധാരം, തീറ്, കരാർ, സെറ്റിൽമെന്റ്, തെറ്റ് തിരുത്ത്, ഒഴിമുറി. എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു. ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ വിവരം ഇന്നുമുതൽ 15 ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

പുല്ലൂർ,
16/2/2026.

രാധ
(ഒപ്പ്)

പരസ്യ ലേലം

തൃശൂർ: കോടതി കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി പഴയന്നൂർ വില്ലേജ് സർവേ നമ്പർ 1434/12 ൽ ഉൾപ്പെട്ട 0.0364 ഹെക്ടർ, 144 6/14 ൽ ഉൾപ്പെട്ട 0.0809 ഹെക്ടർ, 1446/15 ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ, 1445 /51 ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ എന്നീ സ്ഥലങ്ങൾ മാർച്ച് 18 ന് 11 മണിക്ക് പഴയന്നൂർ വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്യുമെന്ന് തലപ്പിള്ളി തഹസിൽദാർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04884 232226.

ടെണ്ടറുകൾ ക്ഷണിച്ചു

കുന്നംകുളം: താലൂക്ക് ആശുപത്രിയിൽ 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന ദൈനംദിന ആവശ്യങ്ങൾക്കുള്ള വസ്തുക്കൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. രോഗികൾക്ക് കെ.എം.എസ്.സി.എൽ നിന്നും ലഭ്യമല്ലാത്ത ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിനും ആശുപത്രിയിൽ ലഭ്യമല്ലാത്ത വിവിധ ലാബ് ടെസ്റ്റുകൾ ചെയ്യുന്നതിനും രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഓക്സിജൻ, നൈട്രജൻ ഓക്സൈഡ്, കാർബൺ ഡൈ ഓക്സൈഡ് എന്നിവ വിതരണം ചെയ്യുന്നതിനും ലാബ് ടെസ്റ്റിന് ആവശ്യമായ ലാബ് റീഏജൻസ് വിതരണം ചെയ്യുന്നതിനും വിവിധ ഫോമുകൾ, ഐ.പി കേസ് ഷീറ്റുകൾ, വിവിധ രജിസ്റ്ററുകൾ എന്നിവ അച്ചടിച്ചിട്ട് വിതരണം ചെയ്യുന്നതിനുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 25 ന് വൈകിട്ട് 5 മണി വരെ. ഫോൺ: 04885 222235.

ചാവക്കാട്: ഐസിഡിഎസ് പരിധിയിലുള്ള 10 അങ്കണവാടികൾക്ക് ആവശ്യമായ ടി.വി, ബ്ളൂടൂത്ത് സ്പീക്കർ, പെൻ ഡ്രൈവ് എന്നീ ഉപകരണങ്ങൾ എത്തിച്ചു നൽകുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ മാർച്ച് നാലിന് ഉച്ചയ്ക്ക് രണ്ട് മണി വരെ സ്വീകരിക്കും. വിശദവിവരങ്ങൾ പ്രവൃത്തിദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാകും. ഫോൺ: 9947613149.

തളിക്കുളം: ശിശുവികസന പദ്ധതി കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന 133 അങ്കണവാടികൾക്ക് പ്രീ സ്കൂൾ എജ്യുക്കേഷൻ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ മത്സരസ്വഭാവമുള്ള മുദ്ര വെച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ മാർച്ച് ഏഴിന് ഉച്ചയ്ക്ക് രണ്ട് മണി വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് തളിക്കുളം ശിശുവികസന പദ്ധതി കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0487 2394522.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി എച്ച് സെന്റർ നോമ്പുതുറക്ക് തുടക്കമായി

തൃശ്ശൂർ : സർക്കാർ മെഡിക്കൽ കോളേജിൽ സി എച്ച് സെന്ററിന്റെ നേതൃത്വത്തിലുള്ള നോമ്പുതുറക്ക് തുടക്കമായി.

കഴിഞ്ഞ 21 വർഷമായി സി എച്ച് സെന്ററാണ് മെഡിക്കൽ കോളജിലെത്തുന്ന രോഗികൾക്കും കുട്ടിരിപ്പുകാർക്കും ഇഫ്താർ സൗകര്യമൊരുക്കുന്നത്.

തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എ പ്രസാദ് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജിൽ നോമ്പ് തുറക്കാൻ സൗകര്യമൊരുക്കുന്നതിലൂടെ മനുഷ്യർക്കിടയിൽ കരുണയുടെയും അനുകമ്പയുടെയും പാലം പണിയുകയാണ് സി എച്ച് സെന്ററെന്ന് പ്രസാദ് പറഞ്ഞു.

മനുഷ്യരെ പരിഗണിക്കുക എന്നുള്ളത് ഇക്കാലത്ത് വളരെ പ്രധാനമാണ്. റമദാൻ മാസത്തിൽ പുണ്യം കിട്ടാൻ അധികമായി ചെയ്യുന്ന എല്ലാത്തിലും അപരനോടുള്ള പരിഗണനയുണ്ട്. ദാനം, സകാത്ത്, നോമ്പ് തുറപ്പിക്കൽ എല്ലാം. അങ്ങനെ നോക്കുമ്പോൾ ഭക്തിയുള്ള ആളുകളെയും സന്തോഷമുള്ള സമൂഹത്തെയുമാണ് ഒരേസമയം റമദാൻ രൂപപ്പെടുത്തിയിരിക്കുന്നതെന്നും പ്രസാദ് പറഞ്ഞു അഞ്ഞൂറോളം പേർക്കാണ് നോമ്പുതുറക്കാൻ സൗകര്യമൊരുക്കുന്നത്. ദുബായ് ഹോട്പാക് സിഎംഡി പി ബി അബ്ദുൽ ജബ്ബാറാണ് നോമ്പ് ഒന്നിലെ ഇഫ്താർ സ്പോൺസർ ചെയ്തത്.

ദുബായ് കെ എം സി സി തൃശ്ശൂർ ജില്ല പ്രസിഡണ്ട് ജമാൽ മനയത്ത് അധ്യക്ഷത വഹിച്ചു. മുസ്ലിം ലീഗ് ജില്ല ജനറൽ സെക്രട്ടറി പി എം അമീർ, ഭാരവാഹികളായ പി കെ ഷാഹുൽ ഹമീദ്, എം എ അസീസ്, എം എ റഷീദ്, മുസ്ലിം യൂത്ത് ലീഗ് ജില്ല പ്രസിഡണ്ട് എ എം സനൗഫൽ, സി സുൽത്താൻ ബാബു, സി കെ ബഷീർ, കബീർ വലിയപുരക്കൽ, എം എം മുഹമ്മദ് ബഷീർ, പി എ കമറുദ്ദീൻ സംസാരിച്ചു.

പ്രശസ്ത സംവിധായകൻ സത്യൻ അന്തിക്കാടിനോടൊപ്പം മുതിർന്ന മാധ്യമപ്രവർത്തകൻ വി എം രാധാകൃഷ്ണൻ

കെ ജെ യു അവശ്യം പരിഗണിക്കും: വി.ഡി. സതീശൻ

തൃപ്രയാർ: കേരള ജേർണലിസ്റ്റ്സ് യൂണിയൻ (കെ. ജെ യു) നൽകിയ നിവേദനത്തിലെ പ്രാദേശിക മാദ്ധ്യമപ്രവർത്തകരുടെ ആവശ്യങ്ങൾ പരിഗണിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു കെ.ജെ.യു സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിക്കുന്ന യു ഡി എഫ് പുതുയുഗ യാത്രയിൽ തൃശ്ശൂർ ജില്ലയിലെ വിവിധ സ്വീകരണ കേന്ദ്രങ്ങളിലെത്തിയാണ് കെ.ജെ.യു സംസ്ഥാന-ജില്ലാ , മേഖല ഭാരവാഹികൾ നിവേദനം കൈമാറിയത്.

ജില്ലാ കമ്മിറ്റിയുടെ നിവേദനം ജില്ലയിലെ ആദ്യ സ്വീകരണ കേന്ദ്രമായ ചേലക്കരയിൽ വെച്ച് ജില്ലാ സെക്രട്ടറി സ്റ്റാൻലി കെ സാമുവൽ പ്രതിപക്ഷ നേതാവിന് കൈമാറി.

ചേലക്കര മേഖല കമ്മിറ്റിയുടെ നിവേദനം മേഖല ട്രഷറർ വി മണികണ്ഠൻ പ്രതിപക്ഷ നേതാവിന് കൈമാറി കുന്നംകുളം മേഖല കമ്മിറ്റിയുടെ നിവേദനം മേഖല പ്രസിഡണ്ട് ജയപ്രകാശ് ഇലവന്തറ പ്രതിപക്ഷ നേതാവിന് കൈമാറി.

കൊടുങ്ങല്ലൂർ മേഖല കമ്മിറ്റിയുടെ നിവേദനം കയ്പമംഗലം മൂന്നുപീടികയിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ വെച്ച് ജില്ലാ ട്രഷറർ എൻ.പി ഉദയകുമാർ, മേഖല കമ്മിറ്റി അംഗം സുനിൽകുമാർ, ജമാലുദ്ദീൻ എന്നിവർ ചേർന്ന് നൽകി.

തൃപ്രയാർ മേഖല കമ്മിറ്റിയുടെ നിവേദനം സംസ്ഥാന കമ്മിറ്റിയംഗം ജോസ് താടിക്കാരൻ, ജില്ലാ വൈസ് പ്രസിഡണ്ട് കെ.ആർ മധു ,മേഖല സെക്രട്ടറി ഇ.സി. അനിൽ എന്നിവർ ചേർന്ന് നൽകി.

പാവറട്ടി-അന്തിക്കാട് മേഖല കമ്മിറ്റിയുടെ നിവേദനം കെ.ജെ.യു.സംസ്ഥാന സെക്രട്ടറി ബിജോയ് പെരുമാട്ടിൽ, പാവറട്ടി - അന്തിക്കാട് മേഖല സെക്രട്ടറി അഫ്സൽ പാടൂർ എന്നിവർ ചേർന്ന് നിവേദനം നൽകി

സംസ്ഥാന കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കൻ ഒറ്റക്കെട്ടായി നിന്ന മേഖല - ജില്ലാ-സംസ്ഥാന ഭാരവാഹികൾക്കും , അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

ഇരിങ്ങാലക്കുട ഉപജില്ല കായികമേളയിൽ യു പി കദീസ് വിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഇരിങ്ങാലക്കുട സെന്റ് മേരീസ് എച്ച് എസ് എസ് ടീം

ജേർണലിസ്റ്റ് ഇന്റേൺസിനെ ക്ഷണിക്കുന്നു

തൃശൂർ: ജില്ലയിൽ കുടുംബശ്രീ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക, പത്രക്കുറിപ്പ് തയ്യാറാക്കുക, സോഷ്യൽ മീഡിയ മാനേജ്മെന്റ് എന്നിവയ്ക്കായി ആറുമാസകാലയളവിൽ ജേർണലിസ്റ്റ് ഇന്റേൺസിനെ ക്ഷണിക്കുന്നു. ജേർണലിസത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 2026 ജനുവരി ഒന്നിന് 30 വയസ് കവിയാൻ പാടില്ല.

വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് വെയ്ക്കണം. അപേക്ഷ ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, 680003 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26ന് വൈകിട്ട് 5.15 വരെ.ഫോൺ - 0487 2362517.

ലേലം ചെയ്യും

തൃശൂർ: സി. ഡി.ആർ.എഫ് കുടിശ്ശികയുമായി ബന്ധപ്പെട്ട തൃശ്ശൂർ താലൂക്കിലെ ഒല്ലൂക്കര വില്ലേജിലെ സർവ്വേ നമ്പർ 101/1 ലെ ഭൂമിയുടെ ലേലം മാർച്ച് 28ന് രാവിലെ 11.30 ന് ഒല്ലൂക്കര വില്ലേജ് ഓഫീസിൽ നടക്കുമെന്ന് ഡെപ്യൂട്ടി കളക്ടർ പി.എ വിഭൂഷണൻ അറിയിച്ചു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ MACT മുമ്പാകെ

OP(MV): 1191/2015
EP: 98/2025

United India Insurance Co.
- വിധിഉടമ
1) Merazup Houque, S/o. Abdul Kaseem, Cheraljhar Village P.O. Khalisabbita Goal Para Dist. Assam-783330
2) Nikhil, S/o. Mohanan, Kuyilu Valappil House, Aloor P.O., Thrissur 680601
- വിധികടക്കാർ

മേൽ നമ്പ്രിൽ 2-ാം വ